# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാചോദ്യം നം: 1640 | 05.12.2014 ലെ<br>മറുപടിയ്ക്ക് |

### ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള സഹായപദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ. ലതിക | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെല്ലാം സഹായപദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ന്യൂനപക്ഷ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ഫിനാൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>2) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, പ്രവാസി സ്വയം തൊഴിൽ വായ്പ, നിതാഖാത് സ്വയം തൊഴിൽ വായ്പ, വിദേശത്ത് ജോലി നേടുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ (സ്റ്റുഡന്റ് പ്ലസ്, പാരന്റ് പ്ലസ്), ബിസിനസ് ഡെവലപ്മെന്റ് വായ്പ, ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം കാറ്റഗറിയിൽ എത്ര തുക വീതം അനുവദിച്ചുവെന്നും ആകെ വായ്പക്കാരുടെ എണ്ണവും വ്യക്തമാക്കുമോ ; | (ബി) | നാളിതുവരെ 5.8 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. സ്വയം തൊഴിൽ കാറ്റഗറിയിൽ 272 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. |
| (സി) | ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ട വനിതകൾക്ക് ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ പ്രത്യേക വായ്പാ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ;ഇല്ലെങ്കിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഇല്ല.<br>പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ